തിരുക്കുറൾ

തിരുവള്ളുവർ

(വിവ: തോമസ് താമരശ്ശേരി)



തിരുക്കുറൾ (ഭാഗം 14)
തിരുവള്ളുവർ
വിവ: തോമസ് താമരശ്ശേരി

© 2025 Thomas Thamarassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2022 and the cloud framework, Ithal (ഇതൾ).

The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography.

The font used for Tamil script was Arima Madurai Regular, designed by Joana Correia and Natanael Gama.

The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Thiruvalluvar Statue at Kanyakumari, a photograph by Darisi Sumanth. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

തിരുക്കുറൾ

തപസ്സ്

261. ഉറ്റനോയ് നോൻറൽ ഉയിർക്കുറുകൺ ചെയ്യാമൈ
അറ്റേ തവത്തിറ് കുരു

സഹിച്ചും പൊറുത്തും പരദ്രോഹമേകാതെ
വസിപ്പതേ തപസ്സിന്റെ രൂപം

262. തവമും തവംഉടൈയാർക്കു ആകും അവം അതനൈ
അഃതുഇലാർ മേറ്കൊൾ വതു.

തപോധർമ്മമില്ലാതെ തപസ്സു ചെയ്തീടുകിൽ
തപസ്സിൻ പ്രയോജനം നാസ്തി.

263. തുറന്താർക്കുത് തുപ്പുരവു വേൺടി മറന്താർകൊൽ
മറ്റൈ യവർകൾ തവം.

താപസ്സർക്കന്നവസ്ത്രാദികളേകുവാൻ
വീടസ്ഥരെല്ലാം മറക്കുന്ന താപസ്യം.

264. ഒൺനാർത് തെറലുമ് ഉവന്താരൈ ആക്കലുമ്
എണ്ണിൻ തവത്താൻ വരുമ്.

ശത്രുവിനാശവും മിത്രസംയോഗവും
താപസ്സർക്കെന്നും ലഭിക്കും

265. വേൺടിയ വേൺടിയാങ്കു എയ്തലാൽ സെയ്തവമ്
ഈണ്ടു മുയലപ് പടുമ്.

ഇച്ഛകളൊക്കെയും ഇച്ഛപോലായിടാൻ
നിശ്ചയം തപം ചെയ്യവേണം

266. തവംസെയ്വാർ തമ്കരുമമ് സെയ്വാർമറ്റു അല്ലാർ
അവഞ്സെയ്വാർ ആസൈയുട് പട്ടു.

തപം ചെയ്വോർ സ്വയം കർമ്മനിരത,രല്ലാത്തോർ
ആശയാൽ വൃഥാ കർമ്മം ചെയ്വോർ

267. സുടച്സുടരുമ് പൊൻപോൽ ഒളിവിടുമ് തുൺപമ്
സുടച്സുട നോറ്കിറ് പവർക്കു.

ചൂടേറ്റ സ്വർണ്ണം തിളങ്ങുന്നപോൽ ദുഃഖ-
ചൂടേറ്റ താപസ്സർ തിളങ്ങും

268. തൻഉയിർതാൻഅറപ് പെറ്റാനൈ ഏനൈയ
മൻനുയിർ എല്ലാമ് തൊഴുമ്.

തന്നയിർ തന്നിലുറച്ച നിർത്തുന്നോനെ
മന്നിലുയിരുള്ളവർ വണങ്ങും

269. കൂറ്റമ് കുതിത്തലുമ് കൈകൂപ്പുമ് നോറ്റലിൻ
ആറ്റമ് തലൈപ് പട്ട വർക്കു.

യമൻ വന്ന നിന്നാ,ലവനെയതിജീവിക്കും
തപം ചെയ്ത ബലം വന്ന സിദ്ധൻ

270. ഇലർപലർ ആകിയ കാരണമ് നോറ്പാർ
സിലർപലർ നോലാ തവർ.

ഏഴകളേറി നില്ക്കുന്നതിൻ കാരണം
താപസ്സർ വിരള,മല്ലാത്തവർ സുലഭം

അനാചാരം

271. വഞ്ച മനത്താൻ പടിറ്റുഒഴുക്കമ് പൂതങ്കൾ
ഐന്തുമ് അകത്തേ നകുമ്.

വഞ്ചകനുള്ളിലനാചാരം കണ്ടുള്ളാൽ
ചിരിക്കും പഞ്ചഭൂതങ്ങൾ.

272. വാനുയർ തോറ്റമ് എവൻസെയ്യുമ് തൻനെഞ്സമ്
താൻഅറി കുറ്റപ് പടിൻ

വാനോളമെത്തും മഹത്ത്വവും നിശ്ചലം
താനുളളിൽ കുറ്റങ്ങൾ ചെയ്താൽ

273. വലിഇൽ നിലൈമൈയാൻ വൽഉരുവമ് പെറ്റമ്
പുലിയിൻ തോൽ പോർത്തുമേയ്ന്ത തറ്റു.

ആത്മബലമില്ലാതെയുണ്ടെന്ന നാട്യം
പുലിത്തോലണിഞ്ഞ പശു പുല്ലുമേയും പോലെ

274. തവമ്മറൈന്തു അല്ലവൈ സെയ്തൽ പുതൽമറൈന്തു
വേട്ടുവൻ പുള്സിമിഴ്ത് തറ്റു.

താപസവേഷത്തിൽ അവിഹിതം ചെയ്വതു
വേടന്റെ ഒളിവിലെ കിളിവേട്ട മാതിരി

275. പറ്റുഅറ്റേമ് എൻപാർ പടിറ്റുഒഴുക്കമ് എറ്റുഎറ്റുഎൻറു
ഏതമ് പലവുമ് തരുമ്.

സംസാരബന്ധം മറന്നു പിഴചെയ്യുവോൻ
എന്തു ചെയ്യേണമെന്നറിയാതെ ദുരിതത്തിൽ

276. നെഞ്സിൻ തുറവാർ തുറന്താർപോൽ വഞ്സിത്തു
വാഴ്വാരിൻ വൻകണാർ ഇൽ.

ആർത്തികളുള്ളിൽ നിറച്ചു നിസ്സംഗർപോൽ
വാഴ്കയിൽ വഞ്ചന കാട്ടുന്നോർ ദുഷ്ടന്മാർ

277. പുറങ്കുൻറി കൺടനൈയ രേനുമ് അകങ്കുൻറി
മൂക്കിറ് കരിയാർ ഉടൈത്തു.

കുന്നിക്കുരുപോൽ തിളങ്ങും ചിലർക്കുള്ളിൽ
വന്നു നിറയും കളങ്കവും കണ്ടിടാം

278. മനത്തതു മാചുആക മാൺടാർനീർ ആടി
മറൈന്തുഒഴുകു മാന്തർ പലർ.

അവിശുദ്ധഹൃദയത്താൽ ശുദ്ധർപോൽ നീരാടും
കപടമനുഷ്യരും ഉലകിൽ

279. കണൈകൊടിതു യാഴ്കോടു സെവ്വിതുആങ്കു അൻന
വിനൈപടു പാലാൽ കൊളൽ.

ശരം ക്രൂരം വക്രവീണയിൽ നാദം
പ്രവൃത്തിയിൽ ഗുണമഹിമയറിയാം

280. മഴിത്തലുമ് നീട്ടലുമ് വേൺടാ ഉലകമ്
പഴിത്തതു ഒഴിത്തു വിടിൻ.

ജടമുണ്ഡികൾ വേണ്ടാ, ലോകത്തിൻ
പഴിയിൽപ്പെടാതെയിരുന്നാൽ.

തോമസ് താമരശ്ശേരി



കൊല്ലം കാവനാട് സ്വദേശി. 1995 മുതൽ വിവിധ ഗവൺമെന്റ് കോളേജുകളിലും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും മലയാള വിഭാഗത്തിൽ അദ്ധ്യാപകനായിരുന്നു. 2019-ൽ വിരമിച്ചു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വിതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014